ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ രാത്രിയും പകലും വന്യമൃഗങ്ങൾ ഇറങ്ങാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗ ആക്രമണത്തിൽ 19 പേർ മരിക്കുകയും 80 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണം കാരണം മരിച്ചവരുടെ ആശ്രിതർക്ക് 20,000 രൂപ നൽകാനും, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് 10,000 രൂപ നൽകാനും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പ്രകാരം അർഹരായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ഡി) വേനൽ കാലത്ത് ജലംതേടി സാധാരണ വന്യമൃഗങ്ങൾ സമീപ ഗ്രാമങ്ങളിൽ പ്രവേശിക്കുന്നു. ചിലയിനം മൃഗങ്ങളുടെ എണ്ണം കൂടുന്നത് മൂലവും ഇത്തരത്തിൽ സംഭവിക്കാറുണ്ട്. കൂടാതെ വനശോഷണം, വനത്തോട് ചേർന്ന് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ വിളകൾ കൃഷി ചെയ്യുന്നത് എന്നു തുടങ്ങിയ കാരണങ്ങളാലും വന്യമൃഗങ്ങൾ ഗ്രാമങ്ങളിൽ എത്തിച്ചേരുന്നു.

സംസ്ഥാനത്തെ വനങ്ങളിൽ കൊല്ലപ്പെട്ട ആനകൾ

126 [1260] ശ്രീ. എം. പി. ഗംഗാധരൻ:
„ ലൂഡി ലൂയിസ്:
„ ഡി. സുഗതൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനങ്ങളിൽ ഇക്കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ എത്ര ആനകൾ കൊല്ലപ്പെട്ടു എന്നു പറയുമോ;

(ബി) കൊല്ലപ്പെട്ട ആനകളുടെ കൊമ്പ് നഷ്ടപ്പെട്ടിരുന്നോ;

(സി) കൊമ്പിനുവേണ്ടി ആനവേട്ട നടത്തിയതു മൂലമാണോ ഇവയുടെ കൊമ്പ് നഷ്ടപ്പെട്ടത്;

(ഡി) നഷ്ടപ്പെട്ട കൊമ്പുകൾ കണ്ടെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളെടുത്തു എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 19 ആനകൾ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ കേസുകളിലും കൊമ്പ് നഷ്ടപ്പെട്ടിരുന്നു.

(സി) അതെ.

(ഡി) 5 ആനകളുടെ കൊമ്പുകൾ കണ്ടെത്തിയിട്ടുണ്ട്. സംശയാസ്പദമായ സ്ഥലങ്ങളിൽ റെയിഡും, അന്വേഷണവും നടത്തിയതിന്റെ ഫലമായിട്ടാണ് കൊമ്പുകൾ കണ്ടെത്തിയിട്ടുള്ളത്. പ്രതികളുടെ വീട്ടിൽ പരിശോധന നടത്തുകയും പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. എല്ലാ കേസുകളും ചാർജ്ജ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സൂര്യാഘാതവും രോഗങ്ങളും മൂലം ജീവഹാനി സംഭവിച്ച മൃഗങ്ങളും ചെരിഞ്ഞ ആനകളും

127 [1261] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേവരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സൂര്യാഘാതം വഴിയും ആന്ത്രാക്സ് രോഗം ബാധിച്ചും എത്ര മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നിമിത്തം എത്ര ആനകൾ (കാട്ടാനകളും നാട്ടാനകളും) ചെരിഞ്ഞിട്ടുണ്ട്;

(സി) മറ്റ് എത്ര മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ഡി) അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ എത്ര ആനകൾ ആനക്കൊമ്പ് വേട്ടക്കിരയായിട്ടുണ്ട്;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്നും അതിൽ കാട്ടാനകൾ എത്രയെന്നും നാട്ടാനകളെത്രയെന്നും വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ആനകളുണ്ടെന്നും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ എത്ര ആനകളുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 25 ആനകൾക്കും 26 കാട്ടുപോത്തുകൾക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്. ആന്ത്രാക്സ് രോഗം മൂലം സംസ്ഥാനത്ത് മൃഗങ്ങൾക്ക് ജീവഹാനി ഉണ്ടായിട്ടില്ല.

(ബി) ഈ കാലയളവിൽ സൂര്യാഘാതവും വരൾച്ചയും മൂലം 25 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. എന്നാൽ നാട്ടാനകളുടെ എണ്ണം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly